പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6428 08.07.2014 ൽ മറുപടിക്ക്

## ട്രാഫിക് അവബോധം സൃഷ്ടിക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>,, എ.റ്റി. ജോർജ്:<br>,, കെ. മുരളീധരൻ:<br>,, വർക്കല കഹാർ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ട്രാഫിക് നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | "റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തു വരുന്നു. പരിശീലനത്തിന്റെയും ബോധവൽക്കരണത്തിന്റെയും ഭാഗമായി പുസ്തകങ്ങൾ, നോട്ടീസുകൾ, ലഘുവിവരണങ്ങൾ എന്നിവയും അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളേയും വകുപ്പു കളേയുമാണ് ഇതിനായി സഹകരിപ്പി ക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെയാണ് ഈ പരിപാടികൾ നടത്തി വരുന്നത്. എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവേഴ്സ് ട്രെയിനിംഗ് & റിസർച്ച് (ഐ.ഡി.റ്റി.ആർ) സഹകരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിനായി മോട്ടോർ വാഹന വകുപ്പിൽ പ്രത്യേകം ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (സി) | മോട്ടോർ വാഹന വകുപ്പിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വാഹന പരിശോധന നടത്തുന്നതിനു പുറമേ ബോധവൽക്കരണ പരിപാടികൾക്കും ഊന്നൽ നൽകാൻ സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | ട്രാഫിക് അവബോധവും, സുരക്ഷയിലൂന്നിയ ഒരു റോഡ് ഉപയോഗ സംസ്കാരവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കേരളാ റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിങ്ങനെ വിവിധ വകുപ്പുകളുടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഏകോപനം അതോറിറ്റി നിർവ്വഹിക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ